**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **22-02-2022 - ൽ മറുപടിയ്ക്ക്**

**ധനുവച്ചപുരം, അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയിഡ് പോസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ ധനുവച്ചപുരം, അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയിഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പാറശാല മണ്ഡലത്തിലെ ധനുവച്ചപുരത്ത് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിരസിച്ചിരുന്നു. അമ്പൂരി ജംഗ്ഷനിൽ എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 'എ' പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | മാരായമുട്ടം പോലീസ് സ്റ്റേഷനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിൽ സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം.25 ൽ സർവ്വേ നമ്പർ 930 ൽ ഒരേക്കർ 62 സെന്റ് സ്ഥലവും റീസർവ്വേ നമ്പർ 217/13 ൽ ഒരേക്കർ 17 സെന്റ് സ്ഥലവും കണ്ടെത്തുകയും ആയതിൽ നിന്ന് ഏതെങ്കിലും ഒരു സ്ഥലം ലഭ്യമാക്കുന്നതിനായി ബഹു.ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ